# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **3431** — **14.07.2015** ൽ മറുപടിക്ക്

### കാഴ്ചബംഗ്ലാവും മൃഗശാലകളും

ചോദ്യം — ഉത്തരം

ശ്രീ. പി.സി. ജോർജ്ജ് :

ശ്രീമതി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ സർക്കാർ വക കാഴ്ചബംഗ്ലാവ്, മൃഗശാല ഇവകൾ ഏതൊക്കെ സ്ഥലങ്ങളിലാണ് ഉള്ളത് വിശദമാക്കുമോ ; | (എ) | മ്യൂസിയം മൃഗശാലാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ കാഴ്ചബംഗ്ലാവുകളും, തിരുവനന്തപുരത്തും, തൃശ്ശൂരുമായി മൃഗശാലകളും സ്ഥിതി ചെയ്യുന്നു. |
| (ബി) | ഇവിടങ്ങളിൽ ഒക്കെ നല്ല നിലയിൽ മെയിന്റൻസുകൾ ഇല്ലാതെ വളരെ ശോചനീയമായ അവസ്ഥയിലാണ് കാഴ്ചബംഗ്ലാവ്, മൃഗശാലകൾ നടക്കുന്നതെന്ന് വല്ല പരാതികളും കിട്ടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; ഇല്ലെങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കും വിശദമാക്കുമോ ; | (ബി) | മ്യൂസിയം മൃഗശാലാ വകുപ്പിന്റെ കീഴിലുള്ള മൃഗശാലകൾ, കാഴ്ചബംഗ്ലാവുകൾ എന്നിവ മെയിന്റനൻസുകൾ ഇല്ലാതെ വളരെ ശോചനീയമായ അവസ്ഥയിലാണെന്നുള്ള പരാതികൾ ലഭിച്ചിട്ടില്ല. മെയിന്റനൻസുകൾ യഥാസമയം നടത്തി വരുന്നു. |
| (സി) | മൃഗശാലകളിൽ നല്ല ഇനം പക്ഷി, സർപ്പ, മൃഗാദികളെ കൊണ്ടുവന്ന് ജനങ്ങൾക്ക് കാണുവാനും മറ്റും അവസരം ഒരുക്കുവാൻ എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (സി) | കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരത്തിന് വിധേയമായി മാത്രമേ മറ്റ് മൃഗശാലകളിൽ നിന്നും പക്ഷിമൃഗാദികളെ കൊണ്ടു വരാൻ സാധിക്കുകയുള്ളൂ. മറ്റ് മൃഗശാലകളുമായി ബന്ധപ്പെട്ട് വിവിധയിനം പക്ഷിമൃഗാദികളെ എത്തിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Saradadevi

സെക്ഷൻ ഓഫീസർ